LIBRARY ARCHIVES Kerala Legislative Assembly

കപ്പൽ ഗതാഗത പദ്ധതി

199 (2027) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ തുറമുഖങ്ങളെ കേന്ദ്രീകരിച്ച് കപ്പൽ വഴിയുള്ള ഗതാഗതത്തിനുള്ള പദ്ധതി ഏതെല്ലാം തീരങ്ങളെ കേന്ദ്രീകരിച്ചാണ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതി എന്ന് ആരംഭിക്കാനാകുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരള തീരദേശംവഴിയുള്ള കപ്പൽ ഗതാഗതപദ്ധതി കൊല്ലം വിഴിഞ്ഞം, ബേപ്പൂർ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളെ കേന്ദ്രീകരിച്ചാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) കപ്പൽ ഗതാഗത പദ്ധതി 2013 നവംബർ ഒൻപതാം തീയതി കൊല്ലം തുറമുഖത്ത് വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചു. അഴീക്കൽ തുറമുഖത്തും പദ്ധതി 30-10-2014-ൽ ആരംഭിച്ചു. ബേപ്പൂർ, വിഴിഞ്ഞം തുറമുഖങ്ങളിൽ കണ്ടെയ്നർ ചരക്കുകൾ ഒഴികെയുള്ളവ തീരദേശ കപ്പൽ ഗതാഗതം വഴി കൈകാര്യം ചെയ്യുന്നുണ്ട്. കണ്ടെയ്നർ ക്രെയിൻ ഈ തുറമുഖങ്ങളിൽ ലഭ്യമാകുന്നതോടെ കണ്ടെയ്നർ ചരക്കുകളും കപ്പൽ ഗതാഗതംവഴി കൈകാര്യം ചെയ്യുവാനാകും.

കടൽമാർഗ്ഗമുള്ള ചരക്കുഗതാഗതം

200 (2028) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് ഗതാഗതത്തിന്റെശേഷി പരമാവധി ഉപയോഗപ്പെടുത്തുന്ന സാഹചര്യത്തിൽ, തീരദേശം വഴിയുള്ള ചരക്ക് ഗതാഗതത്തിന് ബദൽ മാർഗ്ഗം കണ്ടെത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ ;

(ബി) പെട്രോളിയം ഉൽപ്പന്നങ്ങൾ, വളം, മണൽ തുടങ്ങിയ പദാർത്ഥങ്ങൾ റോഡ് മാർഗ്ഗം എത്തിക്കുന്നതിന് പകരം കടൽമാർഗ്ഗം ഗതാഗതം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ചെലവ് കുറഞ്ഞതും അപകടസാദ്ധ്യത കുറഞ്ഞതുമായ ഗതാഗത മാർഗ്ഗത്തിന് സഹായകരമായ പദ്ധതികൾ പ്രാധാന്യത്തോടെ നടപ്പാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റോഡ് മാർഗ്ഗവും റെയിൽ മാർഗ്ഗവുമുള്ള ചരക്കുനീക്കം കടൽ മാർഗ്ഗത്തിലൂടെ കേരളത്തിലെ ചെറുകിട തുറമുഖങ്ങൾവഴി തിരിച്ച് വിടുന്നതിനാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി ആരംഭിച്ചിട്ടുള്ളത്. 2020-ൽ ചരക്ക് നീക്കത്തിന്റെ നാൽപ്പത് ശതമാനവും 2030-ൽ അൻപത് ശതമാനവും തീരദേശ കപ്പൽഗതാഗതംവഴി മാറ്റാനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിക്കുകയും പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം തുറമുഖത്ത് 9-11-2013-ന് മുഖ്യമന്ത്രി നിർവ്വഹിക്കുകയും ചെയ്തു. ആദ്യഘട്ടത്തിൽ കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ കൂടിയാണ് ചരക്കുഗതാഗതം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ കേരളത്തിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഫലമായി 30-10-2014-ന് അഴീക്കൽ പോർട്ടിലും ഉദ്ഘാടനം നിർവ്വഹി ക്കുകയുണ്ടായി. ഘട്ടംഘട്ടമായി ഈ പദ്ധതി ബേപ്പൂർ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ തുറമുഖങ്ങളിലേക്കും വ്യാപിപ്പിക്കും. തീരദേശ കപ്പൽ ഗതാഗതപദ്ധതിയിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഒരു ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്. കപ്പലുകൾക്ക് ചെറുകിട തുറമുഖങ്ങളിൽ പോർട്ട് ചാർജ്ജുകളിൽ ഇളവ് അനുവദിക്കുന്നതും കപ്പൽ നിർമ്മാണത്തിന് സബ്സിഡി അനുവദിക്കുന്ന കാര്യങ്ങളും സർക്കാരിന്റെ പരിഗണനയിലാണ്. തീരദേശ ഗതാഗത പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ തുറമുഖങ്ങളിലും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ കേരളത്തിലെ ചെറുകിട തുറമുഖങ്ങളായ ബേപ്പൂർ, കൊല്ലം, അഴീക്കൽ എന്നിവിടങ്ങളിൽ കൂടി പെട്രോളിയം ഉൽപ്പന്നങ്ങൾ, വളം, മണൽ എന്നിവ കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ പെട്രോളിയം, ഫർണസ് ഓയിൽ എൽ.പി.ജി. മുതലായ അപകട സാധ്യതയുള്ള വസ്തുക്കൾ തീരദേശ കപ്പൽ ഗതാഗതംവഴിയാക്കുന്നതിനുള്ള ഒരു techno commercial feasility study നടത്താൻ കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

GPM. 2/240/2020-36